

ജനുവരി 2020 ₹ 50

# വീട്

ANNIVERSARY Special

## കാലത്തിനിണങ്ങിയ വീടുകൾ, നിർമാണം

**AFFORDABLE HOUSING**

10 വീടുകളും പ്ലാനും

ഉദ്യാന നിർമാണം

നിർമാണവസ്തുക്കൾ 2020

ചെലവു കുറച്ച് രണ്ടാംനില

സമകാലിക ആർട്

New Series

**MASTERS' HOMES**

ജെഫ്രി ബാവ

9 770975 041001

# പരീക്ഷണങ്ങളുടെ കലവറ

**PROJECT FACTS**

Area 1850 sqft

Owner: അനൂപ്- മനീഷ

Design:
അനൂപ് ചന്ദ്രൻ, മനീഷ
ആർക്കിടെക്ട് ടീം,
അമാക് ആർക്കിടെക്ട്സ്, തൃപ്രയാർ
amacindia@gmail.com





Location:
വലപ്പാട്, തൃശൂർ



**ചെലവു നിയന്ത്രിച്ച്, കഴിവതും പ്രകൃതിയോടിണങ്ങി നിർമിച്ച സ്വന്തം വീടിനെപ്പറ്റി ആർക്കിടെക്ട് ദമ്പതികളായ അനൂപും മനീഷയും പറയുന്നു**

"വലപ്പാട് ബീച്ചിനടുത്തായി ഒരു കൊച്ചു വീട് ഞങ്ങളുടെ സ്വപ്നമായിരുന്നു. ഇടയ്ക്ക് തിരക്കുകളിൽ നിന്നൊഴിഞ്ഞ് നിൽക്കാൻ ഒരിടം. ചെലവു നിയന്ത്രിച്ച് കഴിവതും പ്രകൃതിയോടിണങ്ങുന്ന വീട്. അതായിരുന്നു ഈ വീട് രൂപകൽപന ചെയ്യുമ്പോൾ ഞങ്ങൾ വിഭാവനം ചെയ്തിരുന്നത്. ചെലവ് കുറയ്ക്കുമ്പോഴും ഗുണമേന്മയിൽ വിട്ടുവീഴ്ച പാടില്ല എന്ന് നിർബന്ധവുമുണ്ടായിരുന്നു. കന്റെംപ്രറി-ട്രോപ്പിക്കൽ ശൈലിയിൽ ആഡംബരം ഒഴിവാക്കി മിനിമലിസ്റ്റിക് ആയാണ് ഡിസൈൻ ചെയ്തത്.

## ജിപ്സം പ്ലാസ്റ്ററിങ്

5.70 സെന്റിൽ 1850 ചതുരശ്രയടിയിലുള്ള ഈ വീട്ടിൽ പുറത്തെ ചൂടിലും തണുപ്പ് അനുഭവിക്കാം. അതിനുള്ള പ്രധാന കാരണം ജിപ്സം പ്ലാസ്റ്ററിങ് ആണ്. ചുമരുകൾ തേച്ചത് ജിപ്സം കൊണ്ടാണ്. പുട്ടി അടിക്കേണ്ട ആവശ്യമില്ല എന്നതും പ്രകൃതിയോടിണങ്ങിയതാണെന്നതുമാണ് ജിപ്സം പ്ലാസ്റ്ററിങ്ങിന്റെ മറ്റു ഗുണങ്ങൾ. ജിപ്സം പ്ലാസ്റ്ററിങ് ചെയ്താൽ ചുമരിലേക്ക് നേരിട്ട് പെയിന്റ് അടിച്ചാൽ മതി. മലപ്പുറത്തു നിന്നുള്ള വെട്ടുകല്ല് കൊണ്ടാണ് ചുമരു കെട്ടിയത്.

പൈൻവുഡ് ആണ് വീട്ടിലെ ഫർണിച്ചറിനും പാനലിങ്ങിനുമെല്ലാം ഉപയോഗിച്ചത്. അടുക്കളയിലെ കബോർഡുകളുടെയും കിടപ്പുമുറികളിലെ വാഡ്രോബിന്റെയും വാതിലുകൾ പൈൻവുഡി



ലും അകത്തെ തട്ടുകൾ സിമന്റ് ഫൈബർ ബോർഡിലുമാണ് പണിതത്. ഇവ ഭാവിയിൽ മാറ്റണമെങ്കിലും എളുപ്പമാണെന്നതാണ് ഗുണം. വാഷ്ബേസിന്റെ കൗണ്ടർ പോലും പൈൻവുഡിലും മെറ്റലിലുമാണ് പണിതത്. പ്രധാന വാതിൽ തേക്കിലും മറ്റുള്ളവ ഇരുളിലുമാണ് നിർമിച്ചത്. ബാത്റൂം വാതിലുകൾ സിമന്റ് ഫൈബർ ബോർഡ് കൊണ്ടുള്ളതാണ്. കട്ടിൽ പണിതിരിക്കുന്നതും മെറ്റൽ ഫ്രെയിമിൽ സിമന്റ് ഫൈബർ ബോർഡ് കൊണ്ടാണ്.

ഇവിടെയുള്ള ഫർണിച്ചറെല്ലാം ഞങ്ങൾ ഡിസൈൻ ചെയ്തതാണ്. മിനിമലിസ്റ്റിക് ശൈലിയിൽ നേർരേഖയിൽ ഫർണിച്ചർ ഡിസൈൻ ചെയ്യാൻ ശ്രദ്ധിച്ചു. വൃത്തിയാക്കാനുള്ള എളുപ്പവും ഭംഗിയും ചെലവും എല്ലാം കണക്കിലെടുത്താണ് ഇത്.

സീലിങ്ങിൽ പലയിടത്തും കോൺക്രീറ്റ് ഫിനിഷ് നൽകി. പുറം ചുമരിലും കോൺക്രീറ്റ് ഫിനിഷിന്റെ ഭംഗി കാണാം. ഡബിൾഹൈറ്റിലുള്ള ലിവിങ് റൂമിന്റെ ചുമരിൽ ടെറാക്കോട്ട ജാളി നൽകി. അതിൽ മെഷ് ഘടിപ്പിച്ചു. ഇതിലൂടെ വീടിനുള്ളിൽ നിറയെ വെളിച്ചവും വായുവും ലഭിക്കുന്നുണ്ട്. വീടിനുള്ളിൽ ചൂട്




ജിഐ പൈപ്പും മെഷും കൊണ്ടാണ് സ്റ്റെയർകെയ്സിന്റെ റെയ്‌ലിങ്. പടികൾക്ക് പൈൻവുഡും.





വാഷ് ഏരിയയും ഡൈനിങ്ങും. പൈൻവുഡും മെറ്റലും കൊണ്ട് മിനിമലിസ്റ്റിക് രീതിയിലാണ് ഫർണിച്ചർ എല്ലാം ഡിസൈൻ ചെയ്തിട്ടുള്ളത്.



തങ്ങിനിൽക്കാതിരിക്കാൻ ഈ ജാളി സഹായിക്കുന്നു.

ഇവിടത്തെ ലൈറ്റ് ഫിറ്റിങ്സെല്ലാം ഞങ്ങൾ ഡിസൈൻ ചെയ്ത് പണിയിച്ചതാണ്. വാർക്കാൻ ഉപയോഗിക്കുന്ന ടിഎംടി കമ്പി കൊണ്ടാണ് ലാംപ്ഷേഡുകൾ. പറമ്പിലുണ്ടായിരുന്ന മരത്തിന്റെ കുറ്റി ചുമരലങ്കാരത്തിലും ലാംപ്ഷേഡിലുമെല്ലാം പ്രയോജനപ്പെടുത്തി. കിടപ്പുമുറിയിൽ പിവിസി പൈപ്പ് കൊണ്ട് ലാംപ്ഷേഡിൽ പരീക്ഷണം നടത്തി.

ഡൈനിങ് റൂമിൽനിന്ന് പുറത്തെ കോർട്യാർഡിലേക്കിറങ്ങാം. കോംപൗണ്ട് വോൾ ആണ് കോർട്യാർഡിന്റെ ചുമര്. അങ്ങനെ പരമാവധി സ്ഥലം പ്രയോജനപ്പെടുത്താൻ ശ്രദ്ധിച്ചു. മാത്രമല്ല, പ്രകൃതിയെ വീടിന്റെ ഭാഗമാക്കുക വഴി വീടിന് വലുപ്പം തോന്നിക്കുകയും ചെയ്യും. ചെടികൾ നട്ട് മനോഹരമാക്കിയ ഇവിടെ ഒരു തെങ്ങുണ്ട്. വീടുപണിതപ്പോൾ അതു കളയാതെ വീടിന്റെ ഭാഗമായി മാറ്റുകയായിരുന്നു.

ഉള്ള സ്ഥലം കൃത്യമായി വിനിയോഗിക്കാൻ ശ്രദ്ധിച്ചു. ഡൈനിങ്ങിനെയും അടുക്കളയെയും തമ്മിൽ വേർതിരിക്കുന്നത് ബ്രേക്ഫാസ്റ്റ് കൗണ്ടർ ആണ്.

അടുക്കളയും സ്മോക്കിങ് കിച്ചനും (മുകളിൽ).
ഡൈനിങ്ങിനും അടുക്കളയ്ക്കും ഇടയിലുള്ള പാർട്ടീഷന്റെ ഒരുവശം സ്റ്റോറേജും മറുവശം ബ്രേക്ഫാസ്റ്റ് കൗണ്ടറുമാണ് (താഴെ).

**അടുക്കളയിലെ കാബിനറ്റിന്റെ ഷട്ടർ പൈൻവുഡും അകത്തെ തട്ടുകൾ സിമന്റ് ഫൈബർ ബോർഡുമാണ്.**









മെറ്റൽ ഫ്രെയിമിൽ സിമന്റ് ഫൈബർ ബോർഡ് നൽകിയാണ് കട്ടിലുകൾ നിർമിച്ചത്. വാഡ്രോബുകളും നേർരേഖയിലുള്ള സ്റ്റഡി ടേബിളും പൈൻവുഡ് കൊണ്ട് പണിതു. നീളൻ കണ്ണാടിയും കിടപ്പുമുറിയിൽ ഇടം പിടിച്ചിട്ടുണ്ട്.

പൈപ്പും മെഷും ഉപയോഗിച്ചു. സ്റ്റെയർകെയ്സിന്റെ ചുമരിൽ നിറയെ ഗ്ലാസ് ബ്ലോക്കുകൾ നൽകിയത് വീടിനുള്ളിൽ വെളിച്ചത്തിന് കുറവുണ്ടാകരുത് എന്ന ഉദ്ദേശ്യത്തോടു കൂടിയാണ്.

കാറിന്റെ പഴയ ടയർ കളഞ്ഞില്ല. വെള്ള പെയിന്റടിച്ച് മുകളിൽ ഗ്ലാസ് ഇട്ടപ്പോൾ മുകൾനിലയിലെ ലിവിങ്ങിലേക്കുള്ള ടീപോയ് റെഡി.

ലിവിങ് റൂമിലെ ഫാനിനും അൽപം വ്യത്യസ്തത നൽകി. ടേബിൾ ഫാനിന്റെ പുറമേക്കുള്ള കവർ എടുത്തു കളഞ്ഞു. അതോടെ വൃത്തിയാക്കാനും എളുപ്പം!

**സിമന്റ് ഫൈബർ ബോർഡ് കൊണ്ടാണ് മതിൽ പണിതത്. വെയിലും മഴയുമേറ്റാലും കുഴപ്പമില്ല എന്നതാണ് ഈ ബോർഡിന്റെ പ്രധാന ഗുണം.**

സിമന്റ് ഫൈബർ ബോർഡ് കൊണ്ടാണ് മതിൽ പണിതതും. വെയിലും മഴയുമേറ്റാലും കുഴപ്പമില്ല എന്നതാണ് ഈ ബോർഡിന്റെ പ്രധാന ഗുണം. മുറ്റത്ത് ചെറിയ ലോൺഏരിയ ഒരുക്കിയിട്ടുണ്ട്. രണ്ട് കാർ പാർക്ക് ചെയ്യാനുള്ള സൗകര്യവും നൽകിയിട്ടുണ്ട്.


ലിവിങ്, ഡൈനിങ്, അടുക്കള, കിടപ്പുമുറി, കോർട്‌യാർഡ് എന്നിവ താഴത്തെ നിലയിലും രണ്ട് കിടപ്പുമുറികളും ലിവിങ്ങും മുകളിലെ നിലയിലും എന്നിങ്ങനെയാണ് പ്ലാൻ. താഴത്തെ നിലയ്ക്ക് വുഡൻ തീമും മുകളിലെ നിലയ്ക്ക് ഗ്രേ തീമും ആണ്. സിംഗിൾ മോഡ് ലൈറ്റിങ്ങിന്റെ വശ്യതയിൽ രാത്രിയിലാണ് വീടിന്റെ ഭംഗി. സ്വന്തം വീടായതിനാൽ എന്തു പരീക്ഷണത്തിനും സ്വാതന്ത്ര്യമുണ്ടായിരുന്നു എന്നതും ഞങ്ങളുടെ ഭാവന ചിറകു വിടർത്താൻ കാരണമായി. ■

ചിത്രങ്ങൾ: അജീബ് കൊമാച്ചി






താഴത്തെ നിലയുടെ പ്ലാൻ




അപ്പർ ലിവിങ്ങിൽ ടയർ ടീപോയ്. ടയറിൽ പെയിന്റടിച്ച് മുകളിൽ ഗ്ലാസും ഇട്ടപ്പോൾ ടീപോയ് റെഡി. മുകളിലെ എക്സ്പോസ്ഡ് കോൺക്രീറ്റ് ഫ്ലോറിങ്ങും കാണാം (ഇടത്). ഡൈനിങ്ങിൽ നിന്ന് ഈ കോർട്‌യാർഡിലേക്കിറങ്ങാം. ഇവിടെയുണ്ടായിരുന്ന തെങ്ങിനെ മുറിക്കാതെ സംരക്ഷിച്ചു (വലത്).

മുകളിലെ നിലയുടെ പ്ലാൻ




ഇതിന്റെ ഒരുവശം സ്റ്റോറേജും മറുവശം ബ്രേക്ഫാസ്റ്റ് കൗണ്ടറുമാണ്.

താഴത്തെ നില മുഴുവൻ കോട്ട സ്റ്റോൺ ആണ്. മുകളിലെ നിലയിലെ കോമൺ ഏരിയയിൽ സിമന്റ് ഫിനിഷ് ഫ്ലോറിങ് ആണ്. ചാന്തിട്ട്, പോളിഷ് ചെയ്ത എക്സ്പോസ്ഡ് കോൺക്രീറ്റ് ഫ്ലോറിങ് തണുപ്പടിക്കാത്തതിനാൽ ആരോഗ്യത്തിനും നല്ലതാണ്.

സ്റ്റെയർകെയ്സിന്റെ റെയ്‌ലിങ്ങിന് ജിഐ